# തലശ്ശേരിരേഖകളും നിഘണ്ടുക്കളും ഭാഷയുടെ വികാസചരിത്രത്തിൽ

ഡോ. ജോസഫ് സ്കറിയ
അസി. പ്രൊഫസർ, മലയാളവിഭാഗം, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി.

## പ്രബന്ധസംഗ്രഹം

വാമൊഴിയുടെ ക്രമാനുഗതവും ചലനാത്മകവുമായ ഭാവം, അതിനു ദീർഘകാലം ഇതര ഭാഷകളുമായി നിലനിന്ന സമ്പർക്കം തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ് കേരളഭാഷയുടെ/മലയാളത്തിന്റെ വികാസപരിണാമചരിത്രം. മലയാളിയുടെ ജീവിതസാഹചര്യങ്ങളുമായി ഇണങ്ങിയും ഇടഞ്ഞും പ്രവർത്തിച്ചാണ് സംസ്കൃതം ഉൾപ്പെടെയുള്ള 12 ഭാഷകൾ മലയാളത്തിന്റെ വ്യവഹാരശേഷി വർദ്ധിപ്പിച്ചത്. ജാതീയമായ ശ്രേണീഘടനയും വൈദേശിക ഭാഷാസമ്പർക്കവും പദനിർമ്മാണത്തെയും സങ്കല്പനമണ്ഡലരൂപീകരണത്തെയും സജീവമാക്കി. ക്രിസ്തുവർഷം 1796 മുതൽ 1804 വരെയുള്ള കാലയളവിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഭരണാധികാരികളും മലബാറിലെ നാട്ടുരാജാക്കന്മാരും തമ്മിൽ നടത്തിയ കത്തിടപാടുകളിലൂടെ ഭാഷയുടെ പദസമ്പത്തും വിനിമയമണ്ഡലങ്ങളും വിപുലമായി. ഒരു തുടർപ്രക്രിയയുടെ ഭാഗമാണെങ്കിൽ പോലും തലശ്ശേരിരേഖകൾ എന്ന പേരിലുള്ള രേഖാവത്കരണം അതു സാർവത്രികമാക്കിയിട്ടുണ്ട്. തലശ്ശേരിരേഖകളിലെ പദപ്രയോഗങ്ങളുടെ മൂല്യം തിട്ടപ്പെടുത്തിയത് ഗുണ്ടർട്ട്നിഘണ്ടുവാണ്. അതിനാൽ ഗുണ്ടർട്ട് നിഘണ്ടുവിനെ മുൻനിർത്തി ഭാഷയുടെ വികാസപരിണാമചരിത്രത്തിൽ തലശ്ശേരിരേഖകൾക്കുള്ള പ്രാധാന്യം അന്വേഷിക്കുകയാണ് ഈ ലേഖനത്തിൽ.

**താക്കോൽ വാക്കുകൾ**

വ്യവഹാരം (Discourse), സംഘർഷം (Conflict), സമവായം (Convergence), തനത് (Indegenous)

### ആമുഖം

ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടിൽ കേരളത്തിൽ കുടിയേറിയ ആര്യവംശജരായ നമ്പൂതിരിമാർ അവരുടെ ജന്മഭാഷയും വ്യവഹാരഭാഷയുമായ സംസ്കൃതത്തെ കേരളഭാഷയുടെ വിശേഷവ്യവഹാരസന്ദർഭങ്ങളിൽ പ്രയോഗിച്ചും അത്തരം മിശ്രഭാഷാവിനിമയങ്ങൾക്ക് തദ്ദേശീയരെ സ്വാധീനിച്ചും കേരളഭാഷയ്ക്കുമേൽ സംസ്കൃതത്തിന്റെ ആധിപത്യമുറപ്പിച്ചു. അന്നുമുതൽന്നെ കേരളസമൂഹം രണ്ടു വ്യത്യസ്ത ഭാഷാരീതികളെ അവലംബിച്ചുവന്നു. സംസ്കൃതപദബഹുലമായ ശ്രേഷ്ഠമലയാളവും കൊടുന്തമിഴിന്റെ ദേശ്യഭേദമെന്നു വിളിക്കാവുന്ന നീചഭാഷയും. ഇവ രണ്ടും സംഘർഷത്തിലും (conflict) സമവായത്തിലും (convergence) കൂടി കേരളഭാഷയുടെ സ്വാഭാവികപരിണാമം സാധ്യമാക്കുകയാണുണ്ടായത്. ദ്രാവിഡപാരമ്പര്യമുള്ള നായർവിഭാഗവും സുറിയാനികത്തോലിക്കാവിഭാഗങ്ങളും ഈ ഭാഷാരീതികളെ പരസ്പരം യോജിപ്പിക്കുന്ന പ്രക്രിയയിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.[1]

ഔപചാരികവ്യവഹാരങ്ങൾക്കും സാഹിത്യ-ശാസ്ത്രവ്യവഹാരങ്ങൾക്കും സംസ്കൃതത്തിന്റെ ആധിക്യമുള്ള ഭാഷ എന്നത് സാമാന്യേന അംഗീകരിക്കപ്പെട്ടു. എന്നാൽ സാമാന്യ വ്യവഹാരങ്ങളിൽ തനതായ മലയാളമാർഗം നിലനിന്നു. അത് കത്തിടപാടുകൾ ഉൾപ്പെടെ വാമൊഴിയോടടുത്തു നില്ക്കുന്ന വ്യവഹാരങ്ങളിൽ നന്നായി പ്രതിഫലിക്കുകയും ചെയ്തു. സാമാന്യത്തിൽനിന്നു വിശേഷത്തിലേക്കുള്ള പരിവർത്തനം ഭാഷയുടെ രൂപിമതലത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഇതരഭാഷകളിൽനിന്നെത്തുന്ന രൂപങ്ങളെപ്പോലും ഭാഷയുടെ സ്വനിമമൂശയിലിട്ടു പാകപ്പെടുത്തിയാണ് പ്രവേശനാനുമതി നല്കുന്നതെന്നും തലശ്ശേരിരേഖകൾ ചൂണ്ടിക്കാണിക്കുന്നു. പദതലത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഭാഷകസമൂഹത്തിന്റെ സങ്കല്പനമണ്ഡലത്തിൽ ഉണ്ടാകുന്ന സ്വാഭാവികവ്യതിയാനത്തിന്റെ സൂചനകൂടിയാണ്. ഭാഷയുടെ വികാസപരിണാമത്തിന്റെ ഒരു മുഖം പദസഞ്ചയവുമായി ബന്ധപ്പെട്ടതാണെന്നും തലശ്ശേരിരേഖകൾ പദനിഷ്ഠമായ ഭാഷാവികാസപരിണാമത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു എന്നും സ്ഥാപിക്കാനാണ് ഈ ലേഖനം.

### ആര്യഭാഷാധിനിവേശം

ഭാഷയുടെ സാമാന്യവ്യവഹാരപദവിയെ വിശേഷപ്രാപ്തമാക്കുന്ന പ്രക്രിയയിൽ ശാസനങ്ങൾക്കുള്ളതിനെക്കാൾ വലിയ പങ്ക് ക്രി.പി. 12-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്നു കരുതുന്ന ഭാഷാകൗടലീയത്തിനുണ്ട്. ഭാഷാസംക്രമകാലത്തെ ഗദ്യകൃതികളിൽ പഴക്കംകൊണ്ടും ഉള്ളടക്കംകൊണ്ടും ഏറ്റവുമധികം

പ്രാധാന്യമർഹിക്കുന്ന കൃതിയാണ് ഭാഷാകൗടലീയം.[2] 12 മുതൽ 14 വരെ നൂറ്റാണ്ടുകളിൽ വേറെയും ഗദ്യരൂപങ്ങൾ ഭാഷയിൽ രൂപമെടുത്തു. പന്ത്രണ്ടാം നൂറ്റാണ്ടിനു മുമ്പേ പലതരം സാമൂഹിക-സാംസ്കാരിക വിനിമയങ്ങളിലൂടെ സംസ്കൃതം വ്യവഹാരഭാഷയിൽ ആധിപത്യമുറപ്പിച്ചിരുന്നു. നമ്പൂതിരിമാരുടെ പ്രാബല്യം, നമ്പൂതിരിമാരെ സാമൂഹികശ്രേണിയിൽ ഉച്ചാവസ്ഥയിൽ പ്രതിഷ്ഠിക്കുന്ന സാമൂഹികപരിവർത്തനം, അറിവും അധികാരവും (ആത്മീയാധികാരവും) നമ്പൂതിരി മേധാവിത്തത്തിനു തീറെഴുതുന്ന സാമൂഹികമനോഭാവം, നായന്മാരുടെ ആശ്രിതത്വബോധം, ക്രിസ്തുമതം സ്വീകരിച്ചവരുടെ മേൽജാതിവിചാരം എന്നിങ്ങനെ പലതരം സ്വാധീനതകൾക്കുള്ളിൽ പതിന്നാലു നൂറ്റാണ്ടുകൾകൊണ്ട് ചെന്തമിഴിനെ തള്ളിമാറ്റി കേരളത്തിലെ വ്യവഹാരഭാഷ സംസ്കൃതാവിഷ്ടമലയാളമായി മാറി. ഇക്കാലയളവിലുണ്ടായ സാഹിത്യാഖ്യാനങ്ങളിലാകെ ഭാഷയുടെ സംസ്കൃതീകരണപ്രവണതകൾ പ്രത്യക്ഷീഭവിക്കുന്നു.

കോളണിഭരണം ആരംഭിക്കുന്ന പതിനേഴാം നൂറ്റാണ്ടുവരെ കേരളീയ സാമൂഹികജീവിതത്തിന്റെ എല്ലാ തുറകളിലും നമ്പൂതിരിവിധേയത്വവും സംസ്കൃതാഭിനിവേശവും ക്രമാനുഗതമായി ശക്തിപ്പെട്ടു. ബോധപൂർവമല്ലെങ്കിൽപോലും കേരളഭാഷാസമൂഹം സംസ്കൃതാവിഷ്ടമായതിനെ ഉച്ചവും സംസ്കൃതനിരപേക്ഷമായതിനെ അധമവുമായി വിധിച്ചു. ജാതീയമായ ശ്രേണീഘടന തന്നെയാണ് ഭാഷയിലെ ഉച്ച-നിമ്നാവസ്ഥകളെ നിർണ്ണയിച്ചത്. കേരളീയസമൂഹഘടനയിലെ ഉച്ചാവസ്ഥയിലൂടെയാണ് തങ്ങളുടെ തുടക്കമെന്ന് സുറിയാനിക്കത്തോലിക്കർ വിശ്വസിക്കുന്നതിനും അടിസ്ഥാനം മറ്റൊന്നല്ല.

## ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി വരുന്നു

17-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കോലത്തിരിയിൽനിന്ന് അനുവാദം വാങ്ങിയാണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി തലശ്ശേരിയിൽ ഫാക്ടറി സ്ഥാപിക്കുന്നത്. അതു പിന്നീട് രാഷ്ട്രീയാധീശത്വമായി പരിണമിക്കുകയാണ്. ഏതാണ്ടു നൂറുവർഷങ്ങൾകൊണ്ട് മലബാറിന്റെ സർവമണ്ഡലങ്ങളിലും ആധിപത്യം സ്ഥാപിക്കാൻ ഇംഗ്ലീഷ് കമ്പനിക്കു കഴിഞ്ഞു. കുടക്, ചിറയ്ക്കൽ, കോട്ടയം, കടത്തനാട്, ഇരിവെനാട്, കുറങ്ങോട്ട്, രണ്ടുതറ, ലക്ഷദ്വീപ്, കുറുമ്പ്രനാട് പ്രവിശ്യകൾ കമ്പനിയുടെ ഭരണത്തിൻകീഴിലായി. ഈ പ്രവിശ്യകളിലെ രാജാക്കന്മാർ ഉൾപ്പെടെയുള്ള ഭരണാധികാരികളും ഉദ്യോഗസ്ഥരും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ വടക്കേ അധികാരി തലശ്ശേരി സൂപ്രണ്ടുമായി നടത്തിയ കത്തിടപാടുകളുടെ ശേഖരമാണ് തലശ്ശേരിരേഖകൾ. കത്തുകൾ, ഹർജികൾ, കരാർ നാമങ്ങൾ, കല്പനകൾ, പരസ്യങ്ങൾ, തരകുകൾ എന്നിങ്ങനെ വ്യത്യസ്ത വ്യവഹാരമാതൃകകളിലായി 1864 രേഖകൾ ഈ ശേഖരത്തിലുണ്ട്.

ഭരണാധികാരവും സാമ്പത്തികാധികാരവും ഇംഗ്ലീഷ് കമ്പനിയിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. നികുതിപിരിവാണ് പ്രധാന വിഷയം. നികുതിപിരിവിന്റെ രീതി, നികുതിപിരിവിനുള്ള അവകാശത്തർക്കങ്ങൾ, നികുതിപിരിവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിരവധി വ്യവഹാരങ്ങൾ വ്യത്യസ്തസ്വരങ്ങളും വ്യത്യസ്ത പ്രതിനിധാനങ്ങളുമായി പ്രത്യക്ഷപ്പെടുന്നു എന്നതാണ് ഈ രേഖകളെ വേറിട്ടുനിർത്തുന്ന സംഗതി. പ്രതിഷേധങ്ങളും ഭീഷണികളും ഉയർത്തുന്നവരെ അടിച്ചമർത്തുന്നവർത്തന്നെ തങ്ങൾക്കു വിധേയപ്പെടുന്നവർക്ക് വലിയ സൗജന്യങ്ങൾ നല്കുന്നതും കാണാനാവും. മലബാറിലെ നാട്ടുമര്യാദകളെ ലംഘിക്കാതെ കമ്പനി നടത്തുന്ന നയപരമായ നീക്കങ്ങൾപോലും രേഖകളിൽ സ്പഷ്ടീഭവിച്ചു കിടക്കുന്നുണ്ട്.

ഈ സംവേദനസഞ്ചയങ്ങൾക്കുള്ളിൽ രണ്ടു ഭാഷകളാണ് പ്രവർത്തിക്കുന്നത്. കമ്പനി ഭരണാധികാരികളെ കൂടാതെ മലബാറിലെ നേരിയ ശതമാനം ജനങ്ങൾക്കുമാത്രം പരിചയമുള്ള ഇംഗ്ലീഷ്, ബഹുഭൂരിപക്ഷത്തിനും ജന്മഭാഷയായ മലയാളം. ഈ രണ്ടു ഭാഷകളുടെ അഭിമുഖീകരണം മലബാർ ജീവിതാവിഷ്കാരങ്ങളിൽ എങ്ങനെ ഫലപ്രദമായ ഇടപെടലാകുന്നു എന്നതിന് തെളിവാണ് തലശ്ശേരിരേഖകളിലെ ഗദ്യം. മലബാറിലെ സാമൂഹികജീവിതത്തിന്റെ സൂക്ഷ്മതലങ്ങൾ നാട്ടുഭാഷയിലൂടെ അവതരിപ്പിക്കപ്പെടുകയും അതു വിവർത്തനത്തിലൂടെ ഇന്ത്യൻ (കോളണി) ദേശീയതയുടെ പൊതുബോധത്തിൽ ഇടം നേടുകയും ചെയ്യുന്നു. ഇംഗ്ലീഷ് രേഖകൾ അന്നുതന്നെ ഇന്ത്യ കടന്നുപോയിട്ടുണ്ട്. ചിലത് മുംബൈയിലും കൽക്കട്ടയിലും പൂനയിലും മദ്രാസിലും സൂക്ഷിച്ചിട്ടുണ്ട്. എങ്കിൽപോലും മലയാളം രേഖകളുടെ ഭാവി മറ്റൊന്നായി. ചരിത്രകാരന്മാർക്കും പഥ്യം ഇംഗ്ലീഷ് രേഖകളായിരുന്നു.

### ഗുണ്ടർട്ട് കൊണ്ടുപോകുന്നു

തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ താമസിച്ച് മിഷണറി പ്രവർത്തനവും ഭാഷാപ്രവർത്തനങ്ങളും നടത്തിയ ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, നിഘണ്ടു രചനയ്ക്കുവേണ്ടി ഇംഗ്ലീഷ് കമ്പനിയിൽനിന്നു തലശ്ശേരിരേഖകളുടെ കയ്യെഴുത്തുപ്രതികൾ സ്വന്തമാക്കി. ജർമ്മനിയിലേക്കു തിരികെപ്പോയപ്പോൾ നിഘണ്ടുവിന്റെ മിനുക്കുപണികൾക്കുവേണ്ടി തലശ്ശേരിരേഖകളും കൊണ്ടുപോയി. തലശ്ശേരി രേഖകളെ ലോകശ്രദ്ധയിലേക്കു തിരിച്ചെത്തിക്കാൻ സഹായകമാകുന്നത് നിഘണ്ടുവിലെ ചുരുക്കെഴുത്തു സൂചനകളാണ്. ഉത്തമ മലയാളഗദ്യം (Best Malayalam Prose) എന്നാണ് ഗുണ്ടർട്ട് തലശ്ശേരി രേഖകളെ വിളിച്ചത്. നിഘണ്ടുവിലെ TR എന്ന ചുരുക്കെഴുത്ത് നിഘണ്ടുവിൽനിന്ന് രേഖകളിലേക്കും

തിരിച്ചുമുള്ള പ്രവേശന കവാടങ്ങളാകുന്നു. ഇവ രണ്ടും പതിനെട്ടാം നൂറ്റാണ്ടിലെ മലബാർജീവിതത്തെ പുനഃസന്ദർശിക്കാനുള്ള മാർഗരേഖകളാണ്. സാമൂഹികവും സാമ്പത്തികവും നീതിന്യായപരവും സാംസ്കാരികവുമായ അനവധി വിഷയങ്ങളും പരാമർശങ്ങളും രേഖകളിൽ കണ്ടെത്താം. ചൂണ്ടുപലകകൾ പോലെയാണ് പദങ്ങളെ ഗുണ്ടർട്ട് നിഘണ്ടുവിൽ ചേർന്നിരിക്കുന്നത്.

ഗുണ്ടർട്ടിന്റെ രേഖാശേഖരത്തിൽ ചെന്നുപെട്ടതുകൊണ്ടു മാത്രമാണ് ഈ രേഖകൾ സംരക്ഷിക്കപ്പെട്ടത്. അതുകൊണ്ടുമാത്രമാണ് ഒന്നരനൂറ്റാണ്ടിനു ശേഷമാണെങ്കിൽപോലും ഇവ കേരളത്തിൽ തിരിച്ചെത്തിയത്.3 1991 മുതൽ കേരളപഠനങ്ങളിൽ നിർണ്ണായകമായ നിരീക്ഷണങ്ങൾക്ക് ഉപാദാനമായി പ്രവർത്തിക്കുന്നു എന്നതാണ് എടുത്തു പറയേണ്ട പ്രാധാന്യം.

കടലാസുതാളിൽ എഴുതിവച്ചിട്ടുള്ള 13 വാല്യങ്ങളടങ്ങുന്ന തലശ്ശേരി രേഖകൾ ഇന്ന് ടൂബിങ്ങൻ സർവ്വകലാശാലയുടെ മലയാളം ഹസ്തലിഖിത ശേഖരത്തിലുണ്ട്. അവയുടെ മൈക്രോഫിലിമുകൾ കേരള സംസ്ഥാന ആർക്കൈവ്സിലും ലഭ്യമാണ്.

ഈ രേഖകളിലെ ഭാഷാപ്രയോഗങ്ങളുടെ ഘടനയും സ്വഭാവവും ഭാഷയുടെ വികാസ പരിണാമചരിത്രത്തെപ്പറ്റി പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുന്നു. ഭാഷാശാസ്ത്രം, ചരിത്രം, സമൂഹവിജ്ഞാനം പോസ്റ്റ്കൊളോണിയൽ പഠനങ്ങൾ, സ്ത്രീവാദം തുടങ്ങിയ സൈദ്ധാന്തിക ധാരണകളുടെ പിൻബലത്തിൽ ഈ കൊളോണിയൽ രേഖകൾ കേരളപഠനത്തിന്റെ ഗതി മാറ്റുകയാണ്.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ അധീശത്വവും ഗുണ്ടർട്ടിന്റെ ഭാഷാനിഷ്ഠമായ മിഷണറിപ്രവർത്തനങ്ങളും പരസ്പരം പ്രവർത്തിച്ചതുകൊണ്ടാണ് മലബാറിലെ സാമാന്യ വ്യവഹാരഭാഷയായ മലയാളം അതിന്റെ വിനിമയശേഷി തിരിച്ചറിയുന്നതും മലയാളഗദ്യത്തെ ആധുനികീകരിക്കുന്നതും. ഭാഷയുടെ ആധുനികീകരണപ്രക്രിയയുടെ ആരംഭഘട്ടത്തെ പ്രതിനിധീകരിക്കുന്ന രേഖയാണിത്.

ലിപിതലംമുതൽ വാക്യതലംവരെ ചിട്ടപ്പെട്ട ഒരു എഴുത്തുമാതൃക വികസിച്ചതിന്റെ സാക്ഷ്യമാണ് ഇവ. പലതരം വ്യവഹാരങ്ങൾക്ക് ഭാഷ സജ്ജമാകുന്നതെങ്ങനെ എന്നും തലശ്ശേരി രേഖകൾ തെളിയിക്കുന്നു. നികുതിപിരിവ്, കലാപം, ഉപരോധം, കച്ചവടബന്ധങ്ങൾ, സിവിൽ -ക്രിമിനൽ വിചാരണകൾ, സാമൂഹികജീവിതം, സാമ്പത്തിക ഇടപാടുകൾ എന്നിങ്ങനെ അനേകം വ്യവഹാരങ്ങളെ പ്രതിനിധീകരിക്കാനുള്ള ഭാഷയുടെ ശേഷിയാണ്

അതിന്റെ ആധുനികതയ്ക്ക് അടിസ്ഥാനം. രേഖകളിലെ പദവൈവിധ്യത്തിന്റെയും പദങ്ങൾ പ്രതിനിധീകരിക്കുന്ന അർത്ഥമണ്ഡലങ്ങളുടെയും സ്വഭാവം വിശകലനം ചെയ്താൽ മലയാളഭാഷയുടെയും ഭാഷകസമൂഹത്തിന്റെയും വികാസപരിണാമങ്ങളെ ഈ രേഖകൾ എങ്ങനെ സാക്ഷ്യപ്പെടുത്തുന്നു എന്നു തിരിച്ചറിയാനാവും.

നിഘണ്ടുരചനയ്ക്കുള്ള മുഖ്യസ്രോതസായി തലശ്ശേരിരേഖകളെ സ്വീകരിച്ചതിലൂടെ ഗുണ്ടർട്ട്, പദങ്ങളിൽ കേന്ദ്രീകരിക്കുന്ന സാമൂഹികസംവേദനപ്രവണതകളെ അവയുടെ പ്രയോഗമണ്ഡലങ്ങളിൽ സജീവമാക്കി നിലനിർത്തി. സമൂഹഭാവനകളിലും യഥാതഥ അനുഭവങ്ങളിലുമുണ്ടാക്കുന്ന സ്വാഭാവികപരിവർത്തനങ്ങളെ അടയാളപ്പെടുത്തുന്നത് പദനിഷ്ഠമായ സംവേദനങ്ങളാണ്. ഈ തിരിച്ചറിവുതന്നെയാവാം നിഘണ്ടുവിന്റെ മുഖ്യസ്രോതസ്സായി തലശ്ശേരിരേഖകളെ സ്വീകരിക്കാൻ ഗുണ്ടർട്ടിനെ പ്രേരിപ്പിക്കുന്നത്. ഭാഷയ്ക്കുള്ളിൽ വാക്കു വന്നിറങ്ങിയതിന്റെ സാക്ഷ്യങ്ങളാണ് തലശ്ശേരി രേഖകളെങ്കിൽ അവയെ ഭാഷയിൽ സ്ഥാനപ്പെടുത്തിയതിന്റെ അടയാളപാഠമാണ് ഗുണ്ടർട്ട് നിഘണ്ടു. നിരുക്തിനിഘണ്ടുവിന്റെ സ്വഭാവം ഉള്ളതുകൊണ്ട് അസംഖ്യം ഭാഷകളിൽനിന്ന് വാക്കു രൂപപ്പെടുന്നതിന്റെയും വാക്കു വന്നിറങ്ങുന്നതിന്റെയും ചരിത്രം സമാഹരിക്കാം.

തലശ്ശേരിരേഖകളിലെ പദങ്ങളെ നാലു വിഭാഗങ്ങളായിത്തിരിക്കാം.

1. തനതു വ്യവഹാരഭാഷാപദങ്ങൾ
2. ഇതര ദ്രാവിഡഭാഷാപദങ്ങൾ
3. ഇന്തോ-യൂറോപ്യൻ, ഇന്തോ-ആര്യൻ, ഇന്തോ-ഇറാനിയൻ പദങ്ങൾ
4. സെമിറ്റിക്ഭാഷാപദങ്ങൾ

വ്യത്യസ്ത കാലഘട്ടങ്ങളിലെ വ്യത്യസ്ത സ്വഭാവമുള്ള സമ്പർക്കങ്ങളിലൂടെ കേരളഭാഷയ്ക്കുള്ളിൽ ഇടംപിടിച്ച വാക്കുകൾ സാമാന്യവ്യവഹാരങ്ങളിൽനിന്ന് മെല്ലെ വിശേഷവ്യവഹാരങ്ങളിലേക്ക് കയറിക്കൂടി. അതേസമയം അധീശവർഗം പരകീയരൂപങ്ങളെ കേരളഭാഷയ്ക്കുള്ളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ സമന്വയഘട്ടം കേരളഭാഷയുടെ വികാസചരിത്രത്തിൽ നിർണ്ണായകമാണ്. തലശ്ശേരിരേഖകളിലെ പദപ്രയോഗങ്ങളെയും ഗുണ്ടർട്ട്, നിഘണ്ടുവിൽ സ്വീകരിച്ച രൂപങ്ങളെയും മുൻനിർത്തി വികാസപരിണാമങ്ങളുടെ ഈ ഘട്ടത്തെ നിരീക്ഷിക്കാവുന്നതാണ്. മലബാർ സമൂഹത്തിന്റെ പരിണാമചരിത്രം വാക്കിന്റെ ചരിത്രത്തിൽത്തന്നെ അടയാളപ്പെട്ടിരിക്കുന്നു.

തലശ്ശേരിരേഖകൾ സാമാന്യവും വിശേഷവുമായ വ്യവഹാരതലങ്ങളെ

ഏകോപിപ്പിക്കുന്ന പ്രയോഗമാതൃകകളാണ്. നിഘണ്ടുവാകട്ടെ സാമാന്യത്തെയും വിശേഷത്തെയും സ്വീകരിക്കുന്നുണ്ടെങ്കിലും വിശേഷവ്യവഹാരങ്ങളെയാണ് മുഖ്യസ്രോതസായി പരിഗണിച്ചിട്ടുള്ളത്. അതിനാൽ സാമാന്യഭാഷണമുഹൂർത്തങ്ങളിൽനിന്നു സ്വീകരിച്ചതും തലശ്ശേരിരേഖകൾപോലെയുള്ള കത്തിടപാടുകളിൽനിന്നു സ്വീകരിച്ചതുമായ രൂപങ്ങളൊഴികെ മിക്കതും വിശേഷവ്യവഹാരങ്ങളിൽനിന്നാണ്. സാമാന്യരൂപങ്ങൾക്ക് നിഘണ്ടുവിൽ പ്രവേശനം നല്കി അതിന്റെ സംവേദനമൂല്യം ഉറപ്പിക്കുന്നതിലൂടെ ഭാഷയുടെ പദതലത്തിൽ ഏകീകരണം നടക്കുകയും അത് ആധുനികതയെ നിർണ്ണയിക്കുന്നതിൽ പ്രമാണപ്പെട്ട സമീപനമാകുകയുമാണ്.

## തനതുവ്യവഹാരഭാഷാപദങ്ങൾ

തനതുഭാഷാരൂപങ്ങളെ വേർതിരിക്കുക എന്നത് ഏറെക്കുറെ ക്ലേശകരമായ ജോലിയാണ്. ക്രി.മു ആറാം നൂറ്റാണ്ടു മുതൽ ക്രി.പി. പത്താം നൂറ്റാണ്ടുവരെ ഇന്ത്യയിൽ വികാസം പ്രാപിച്ച പ്രാകൃതങ്ങളുടെ മൂലരൂപം സംസ്കൃതമാണെന്നാണു വിശ്വാസം. പ്രകൃതിയിൽനിന്നുണ്ടാകുന്നതാണല്ലോ പ്രാകൃതം. പ്രകൃതി എന്നാൽ സംസ്കൃതപ്രകൃതി എന്നാണത്രേ. അതിനാൽ തനതു മലയാളരൂപങ്ങളുടെ അന്വേഷണവും പ്രാകൃതങ്ങളിലോ ഇതര ദ്രാവിഡഭാഷകളിലോ ചെന്നെത്തും.

ഗാർഹികരൂപങ്ങൾ, വ്യക്തികേന്ദ്രിത ക്രിയാരൂപങ്ങൾ, നൈസർഗികാവശ്യങ്ങൾ, ജൈവികചുറ്റുപാടുകൾ എന്നിവയെ കുറിക്കുന്ന പദങ്ങൾ– എല്ലാം ഏറെക്കുറെ പ്രാചീന സ്വഭാവം പുലർത്തുന്നവയായിരിക്കും. ഗുണ്ടർട്ട് സംസ്കൃത-പ്രാകൃതങ്ങളെ വേർതിരിച്ചിട്ടില്ല. അതിന്റെ യുക്തിയും മേൽപ്പറഞ്ഞതു തന്നെയാവും.

കാരിയം (കാര്യം–സംസ്കൃതം) എന്നത് പ്രാകൃതമാണ്. വ്യത്യസ്തമായ ഒട്ടേറെ സന്ദർഭങ്ങളിൽ ഈ രൂപം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. വിഷയം, ദൗത്യം, കൃത്യം എന്നിങ്ങനെയാണ് അർത്ഥങ്ങൾ.

“പഴശ്ശിൽ തമ്പുരാൻ കൊട്ടെയത്ത താലൂക്കിൽ കല്യട്ട എടവക പാർപ്പത്ത്യക്കാരന എഴുതിയത അപ്പാകുടി കണ്ടു. കാരിയമെന്നാൽ കല്യാട്ട എടവക പ്രവൃത്തിയിൽ 972 ആമതിലെ... താനിങ്ങ വരികയും വേണം” (46 AB).

“അതുകൊണ്ടു തങ്ങളെ കാരിയങ്ങൾ തിർത്ത ആക്കുവാൻ തക്കവണ്ണം നമ്മാൽ ആകുന്ന ത്തൊളം പ്രെയ്ന്നം ചെയ്യുന്നത എന്ന തങ്ങൾക്ക നല്ല അറിവ ഉണ്ടല്ലോ” (111 AB).

"71 ആമത മൂന്നാം ഗഡു പണവും കൂടിയ പലിശയും പറപ്പനാട്ടിൽ നാം കൽപ്പിച്ച കാരിയം നടത്തിവരുന്ന നമ്മുടെ അനുജൻ അവിടെ ബൊധിപ്പി ക്കെയും ചെയ്യും" (108 B).

"നാട്ടിലെ മുതൽ പഴശ്ശിരാജാവിന്റെ പെർക്ക എടുപ്പിക്കകൊണ്ടും നമ്മുടെ കല്പനക്ക നിന്നു വന്ന പ്രവൃത്തിക്കാരന്മാര പഴശ്ശിരാജാവ നിക്കം ചെയ്ത നാട്ടിൽ നിക്കിതി എടുക്കരുത എന്ന പഴശ്ശിരാജാവ് വിരൊധിക്കകൊണ്ടും കുമ്പഞ്ഞി കല്പനക്ക നൊം നടത്തിക്കുന്ന കാരിയങ്ങൾക്ക വിപരിതം ചെയ്തവരൊട ആ ചെയ്ത കർമ്മങ്ങളുടെ നിവൃത്തിയും മൊതൽ പറ്റിയതിന്റെ വകയും..." (118 AB).

ഇത്തരത്തിൽ ഒട്ടനവധി 'കാരിയം' പ്രകരണങ്ങൾ സൂക്ഷ്മാർത്ഥഭേദത്തോടെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതുപോലെയാണ് പല പദങ്ങളും.

പ്രാകൃതമെന്നോ സംസ്കൃതമെന്നോ ദ്രാവിഡമെന്നോ നിർണ്ണയിക്കാനാവാത്ത വിധമാണ് മിക്ക തനതു രൂപങ്ങളുടെയും സ്ഥിതി. വാങ്ങുക, ആകുക, പറയുക, വേണുക, തികയുക, നടക്ക തുടങ്ങിയ ക്രിയാരൂപങ്ങളുടെയോ കച്ചവടം, നാട്, കോവിൽ, തുണി, പറ, വഴി, വായ, കപ്പം തുടങ്ങിയ നാമരൂപങ്ങളുടെയോ വേരന്വേഷിച്ചാൽ അതൊക്കെ മലയാളത്തിന്റെ തനതുവഴക്കത്തിൽനിന്ന് ദ്രാവിഡത്തിന്റെ പൊതുമണ്ഡലത്തിലേക്ക് വ്യാപിക്കുന്നതു കാണാം.

വാക്കിന്റെ പ്രയോഗ/സന്ദർഭങ്ങളും പ്രയോഗാവൃത്തിയുംകൊണ്ട് ബലപ്പെടുന്ന സാമൂഹികസാഹചര്യം മലബാറിലുണ്ടായിരുന്നു. മിഷണറിമാരുടെ ഭാഷാപ്രവർത്തനങ്ങളും കോളണി ഭരണവും കേരളത്തിലെ ഇതര ദേശസമൂഹങ്ങളുമായുണ്ടായിരുന്ന സമ്പർക്കവും കൂടിച്ചേർന്ന് ഈ രൂപങ്ങളെ മലയാളമെന്ന പൊതുഭാഷാവ്യവഹാരത്തിൽ ഉറപ്പിച്ചെടുത്തു. സംസ്കൃതത്തെക്കാളധികം ദ്രാവിഡ-തനതു-പ്രാകൃതരൂപങ്ങൾ രേഖകളിൽ കാണാം. സാമാന്യവ്യവഹാരങ്ങളിൽനിന്ന് വിശേഷവ്യവഹാരങ്ങളിലേക്കു മെല്ലെ കടന്നുകയറുന്ന ഈ രൂപങ്ങൾ ബാഹ്യസ്വാധീനങ്ങളിൽനിന്ന് ഏറെക്കുറെ മുക്തമാണ് എന്നതാണ് കാരണം. പിന്നീട് ഭാഷയിലുണ്ടാകുന്ന ഗദ്യമാതൃകകളിൽ ഇതു സ്പഷ്ടമാണ്.

## അന്യഭാഷാപദങ്ങൾ

സിനോ ടിബറ്റൻ, ഇന്തോ യൂറോപ്യൻ, ഇന്തോ ആര്യൻ, ഇന്തോ ഇറാനിയൻ, സെമിറ്റിക് ഗോത്രങ്ങളിൽപ്പെട്ട വിവിധ ഭാഷകളിൽനിന്ന് കടന്നുവരുന്ന പദങ്ങൾ ഭാഷയുടെ ഘടനയുമായി ഇണങ്ങിച്ചേരുന്നു. വലിയ തോതിൽ

അന്യഭാഷാപദങ്ങൾ മലയാളത്തിലെത്തുന്നതും അവയെ ഭാഷയ്ക്കുള്ളിൽ ചേർത്തെടുക്കുന്നതും ഈ കാലയളവിലാണ്. ഭാഷയിലും സമൂഹത്തിലും ഇംഗ്ലീഷിന്റെ അധീശത്വമുറയ്ക്കുന്നു. ഭാഷയ്ക്കുള്ളിൽ ഇംഗ്ലീഷ് പദങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ സാമൂഹികാംഗീകാരവും സിദ്ധിച്ചു. രേഖകളിലെ ചില പ്രയോഗങ്ങൾ തന്നെ നോക്കുക:

കുമ്പഞ്ഞി, അക്കിതിങ്ങ, സുപ്രെന്തെണ്ടൻ, റിഫൊട്ടു/റെപ്പൊടത്ത, റെജിതെന്തി, സട്ക്കിത്തെരി, രെശിതി, ഗൗണർ, രെജിസ്ത്ര, സുപ്രവൈജര, കൗമിശന്നർ, മെസ്തർ, അപ്പിസർ, ഇഞ്ചിനൊര, കൊമിശനര എന്നിങ്ങനെ ഇംഗ്ലീഷ് ഭാഷയിൽനിന്ന് അനേകം ഭരണരൂപങ്ങൾ മലബാർ സമൂഹത്തിലും മലയാളഭാഷയിലും ഇടംപിടിച്ചു. ഇവയ്ക്കൊപ്പം ഇന്തോ-ഇറാനിയൻ, ഇന്തോ-യൂറോപ്യൻ ഭാഷകളിൽനിന്നും അനേകം രൂപങ്ങൾ മലയാളത്തിൽ തനതുരൂപങ്ങളെപ്പോലെ പ്രയോഗശേഷി നേടി.

| | |
|---|---|
| ഹർജി ( petetion) | അറബി |
| കത്ത് (കത്ത letter) | അറബി; |
| പരമാൻ (പരമാനികം പ്രമാണം Ferman) | പേർഷ്യൻ/ഉറുദു |
| മുനിസിഫ് (മുനിസിഫ്, Judge) | അറബി |
| അദാലത്ത് (അദാലത്ത് സിവിൽകോർട്ട്) | അറബി |
| ഫൗജദാർ (ഫൗജദാരി, Criminal) | പേർഷ്യൻ |
| പറങ്കി (Farang, European) | പേർഷ്യൻ |
| ബന്തർ (ബന്തൽ Port) | പേർഷ്യൻ |
| മുക്രി (മുഖ്രി reader) | അറബി |
| മുഖറ്റർ (മുഖർ ഉർ, to appoint) | അറബി |
| ജാഗിർ (ജാഗിർ, land given) | പേർഷ്യൻ |
| തഹശിൽ (തഹസിൽ, (collection) | അറബി |
| ബന്തൊവസ്ത് (settlement) | പേർഷ്യൻ |
| ഉത്തരം (ഉത്തരം command, letter) | സംസ്കൃതം |
| സുബേദാർ (captain) | പേർഷ്യൻ |
| പരന്തിരിയസ്സ (French) | പോർത്തുഗീസ് |
| പത്താഴം (treasure) | പോർത്തുഗീസ് |

ഈ രൂപങ്ങളൊക്കെ പ്രത്യയം ചേരാതെയാണ് സ്വീകരിക്കപ്പെട്ടു കാണുന്നതെങ്കിലും പ്രത്യയസഹിതമായ രൂപങ്ങളും കുറവല്ല.

| | |
|---|---|
| റെപ്പൊടത്തും | റിപ്പോർട്ടും |

| | |
|---|---|
| സുപ്രവൈജരൊട | സൂപ്രർവൈസറോട് |
| കുമ്പഞ്ഞിക്ക | കുമ്പഞ്ഞിക്ക് |
| കൊമിശനർമാർ | കമ്മീഷണർമാർ |

അന്യഭാഷാപദങ്ങൾ മലയാളത്തിന്റെ സ്വാഭാവികഘടനയ്ക്കുള്ളിൽ കലർന്നു പ്രവർത്തിക്കാൻ നിമിത്തമായത് മലബാറിലെ കോളണിഭരണമാണെന്ന് സംശയമില്ലാതെ പറയാനാവും. മൈസൂറിന്റെ സ്വാധീനവും അറേബ്യയുമായുണ്ടായിരുന്ന ബന്ധങ്ങളും അറബി പേർഷ്യൻ രൂപങ്ങളെ മലയാളത്തിലേക്കു കൊണ്ടുവന്നു. മുകളിൽ കൊടുത്ത അറബി, പേർഷ്യൻ, പദങ്ങൾ നോക്കുക.

സംസ്കൃതം തുടങ്ങിവച്ച സംസ്കൃത പ്രകൃതി + ഭാഷാപ്രത്യയം എന്ന രൂപനിർമ്മാണനയം കൊളോണിയൽ ഘട്ടത്തിൽ ഇന്തോ-യൂറോപ്യൻ, ഇന്തോ-ഇറാനിയൻ ഗോത്രങ്ങളിലെ ഭാഷാപദസ്വീകാരത്തിലും പ്രവർത്തിക്കുന്നു. ഇതര ഭാഷാപദങ്ങളെയത്രയും പുതിയ സംവേദനമണ്ഡലങ്ങളിൽ പ്രതിഷ്ഠിച്ച്, അവയോട് ഭാഷയുടെ ലിംഗ, വചന, വിഭക്തിപ്രത്യയങ്ങൾ ചേർത്ത് ഭാഷയുടെ സ്വന്തമാക്കി മാറ്റുന്ന പ്രക്രിയ ഏറ്റവും സജീവമായിക്കാണുന്നത് തലശ്ശേരി രേഖകൾ എഴുതപ്പെടുന്ന 18-ാം നൂറ്റാണ്ടിലാണ്. അതിനു സാക്ഷ്യമാണ് ഗുണ്ടർട്ട് നിഘണ്ടു.

ഭാഷയുടെ ആധുനികീകരണപ്രക്രിയയുടെ തുടക്കവും ഇതുതന്നെയാണ്. അപരഭാവം ലേശം പോലുമില്ലാതെ അന്യഭാഷാപദങ്ങൾ മലയാളത്തിന്റെ പദാവലിയിൽ സജീവത കൈവരിക്കുകയാണ്. സമൂഹത്തിന്റെ സങ്കല്പനതലങ്ങളിലുണ്ടാകുന്ന സ്വാഭാവികപരിവർത്തനങ്ങൾക്ക് ആധാരം വിവിധ കാരണങ്ങളാലുണ്ടാകുന്ന സ്ഥാനപ്പെടലാണ്. ഇത്തരം സങ്കല്പനപരവും പദസ്വീകാരപരവുമായ പരിവർത്തനങ്ങൾ ഭാഷകരിൽനിന്നു ഭാഷകരിലേക്കും ഒരു ഘട്ടത്തിൽനിന്ന് അടുത്ത ഘട്ടത്തിലേക്കും പകർന്നു നില്ക്കുന്നു.

മലബാറിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സാഹചര്യത്തിൽ രചിക്കപ്പെട്ട പല ഗ്രന്ഥങ്ങളെയും/രേഖകളെയും ഗുണ്ടർട്ട് നിഘണ്ടുവിന്റെ നിർമ്മാണസ്രോതസ്സായി ഉപയോഗിച്ചു. എന്നാൽ അതിനൊപ്പം കൊച്ചിയിലെ വരാപ്പുഴയിൽനിന്നും പ്രസിദ്ധീകരിച്ച രണ്ടു നിഘണ്ടുക്കൾ കൂടി ഉപയോഗിച്ചിട്ടുണ്ട്. ഗുണ്ടർട്ട് നിഘണ്ടുവും വരാപ്പുഴ നിഘണ്ടുവും ബെയിലിയുടെ നിഘണ്ടുവും മലബാർ-കൊച്ചി-തിരുവിതാംകൂർ ദേശങ്ങളെ ഭാഷാപരമായി ഏകീകരിച്ചു. ഏവൻഗലിയോനും എടവകയും[4] ഉൾപ്പെടെ അനവധി രൂപങ്ങൾ സുറിയാനി, പോർത്തുഗീസ്, ഹീബ്രു, ലത്തീൻ ഭാഷകളിൽനിന്ന് ഭാഷയിൽ സ്ഥാനമുറപ്പിച്ചത് വരാപ്പുഴ നിഘണ്ടുക്കളിലൂടെയാണ്. കോട്ടയത്തുനിന്ന് 1846-ൽ

പ്രസിദ്ധീകരിച്ച ബെയിലി നിഘണ്ടു എറ്റിമോളജിക്കൽ നിഘണ്ടുവല്ല. എന്നാൽ അന്യഭാഷാപദങ്ങളെ ദേശഭാഷാരൂപങ്ങൾക്കൊപ്പം പരിഗണിക്കുന്നതിൽ ഗുണ്ടർട്ടിനു മാതൃകയായത് ബെയിലിയാണ്. സാമാന്യ ഭാഷാവ്യഹാരങ്ങളിൽനിന്ന് ചിരപരിചിതരൂപങ്ങളെ അവതരിപ്പിക്കാതിരുന്നതിനെപ്പറ്റിയും ഭാഷയിൽ പ്രയോഗസാധ്യത കുറഞ്ഞ സംസ്കൃതരൂപങ്ങളെ കൂടുതലായി ഉൾപ്പെടുത്തിയതിനെപറ്റിയും ഗുണ്ടർട്ട് ആക്ഷേപം ഉന്നയിച്ചിട്ടുണ്ടെങ്കിലും നിഘണ്ടുരചനയിൽ ബെയിലി ഗുണ്ടർട്ടിനു തുണയായിട്ടുണ്ട്. അങ്ങനെയെങ്കിൽ തിരുവിതാംകൂർ മുതൽ മംഗലാപുരം വരെയുള്ള ഭൂവിഭാഗത്തെ ഭാഷയെ ഏകോപിപ്പിച്ച് രചിച്ച ആധികാരിക നിഘണ്ടുവാണ് ഗുണ്ടർട്ടിന്റേത്. മധ്യകേരളത്തിലെ ഭാഷാപദങ്ങളെ കണ്ടെത്തിയത് ബെയിലി വഴിക്കാണ്. ഇരുവരും സംസ്കൃതരൂപങ്ങളെ ഗൗരവമായി പരിഗണിച്ചു. ഭാഷയിലെ സംസ്കൃതാവിഷ്ടമലയാളഭ്രമത്തിന്റെ തുടർച്ചയാണ് 18-19 നൂറ്റാണ്ടുകളിലെ പരകീയ പദസ്വീകാരനയത്തിലും കാണുന്നത്. അതിനുള്ളിൽ നാട്ടുരൂപങ്ങളുടെ ശേഷിയും ഭംഗിയും നഷ്ടപ്പെടാതെ നിലനിർത്താൻ ഗുണ്ടർട്ടിനു കഴിഞ്ഞത് തലശ്ശേരിരേഖകൾ ഉൾപ്പെടെയുള്ള രേഖകളുടെ സ്വാധീനമാണ്. വാക്കു വന്ന വഴികളും വാക്കുറപ്പിന്റെ സാമൂഹികമാനദണ്ഡങ്ങളും കൃത്യമായി തിരിച്ചറിഞ്ഞതുകൊണ്ടാണ് 19-ാം നൂറ്റാണ്ടിനുശേഷമുണ്ടാകുന്ന പരിവർത്തനങ്ങൾക്ക് മാർഗരേഖയാകാൻ ഗുണ്ടർട്ട് നിഘണ്ടുവിനായത്. 19-ാം നൂറ്റാണ്ടിനുമുമ്പുതന്നെ ഭാഷാരൂപങ്ങളുടെ സങ്കല്പനമണ്ഡലങ്ങളിലധിഷ്ഠിതമായ ഏകീകരണവും കേരളദേശരൂപീകരണത്തിന്റെ പ്രാഥമികചിന്തകളും രൂപപ്പെട്ടു കഴിഞ്ഞിരുന്നു.

## കുറിപ്പുകൾ

1. ഭാസ്കരനുണ്ണിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, എ.ആറിന്റെ കേരളപാണിനീയം (പീഠിക) എന്നീ ഗ്രന്ഥങ്ങൾ ഈ സമവായത്തെ വിശദീകരിച്ചിട്ടുണ്ട്.
2. കേരളവ്യവഹാരഭാഷയുടെ സംക്രമംമൂലം ചെന്തമിഴ് അധഃപതിക്കുകയും തന്മൂലം അബദ്ധരൂപങ്ങൾ ഒട്ടേറെ അതിൽ കടന്നുകൂടുകയും ചെയ്ത കാലത്താണ് ഭാഷാകൗടലീയത്തിന്റെ നിർമ്മിതി. സി.എൽ. ആന്റണി, ഭാഷാഗദ്യം (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ), പുറം. 611.
3. ജർമ്മനിയിലെ ടൂബിങ്ങൻ സർവകലാശാലയുടെ മലയാളം ലിഖിത പരമ്പര കണ്ടെത്തി കേരളത്തിലെത്തിച്ചത് ഡോ. സ്കറിയാ സക്കറിയ ആണ്.
4. ഗുണ്ടർട്ടിനെ തെറ്റിദ്ധരിപ്പിച്ച രൂപമാണ് എടവക. മാനന്തവാടിക്കടുത്ത് എടവക എന്നൊരു പ്രവൃത്തിയുണ്ടായിരുന്നു. ഇത് കത്തോലിക്കാ മതവിഭാഗത്തിന്റെ

ചർച്ച് യൂണിറ്റായ എടവക തന്നെയെന്നാണ് ഗുണ്ടർട്ട് മനസ്സിലാക്കിയത്. ദേശവഴി കാണുക.

## ഗ്രന്ഥസൂചി

31. ഇളംകുളം കുഞ്ഞൻപിള്ള, 1953, കേരളഭാഷയുടെ വികാസപരിണാമങ്ങൾ, പ്രെസ് രാംസസ്, തിരുവനന്തപുരം.

32. ഗുണ്ടർട്ട്, ഹെർമ്മൻ, മലയാളം-ഇംഗ്ലീഷ് നിഘണ്ടു, 1872 (1992), ഡി.സി. ബുക്സ്, കോട്ടയം.

33. ജോസഫ് സ്കറിയ (എഡി.), സ്കറിയാ സക്കറിയ (ജന.എഡി.), 1994 (2015), പഴശ്ശിരേഖകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

34. ജോസഫ് സ്കറിയ (എഡി.), സ്കറിയാ സക്കറിയ (ജന.എഡി.), 1995 (2015), തലശ്ശേരി രേഖകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

35. ഭാസ്കരനുണ്ണി പി., 1988 (2012) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

36. Bailey Benjamine, A Dictionary of High and Colloquial Malayalam and English, 1846 (2018), Benjamine Bailey Study Centre & Museum, CMS College, Kottayam.

*josephskariah7@gmail.com*